# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.603** **29.01.2019 ൽ മറുപടിയ്ക്ക്**

## വീട്ടുകളിൽ സൗരോർജ്ജ പാനൽ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. മുഹമ്മദ് മുഹസിൻ. പി.** | | **ശ്രീ. എം. എം. മണി (വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | വീട്ടുകളിൽ സൗരോർജ്ജ പാനൽ സ്ഥാപിക്കുന്നതിന് നിലവിൽ ധനസഹായം നൽകി വരുന്നുണ്ടോ; എങ്കിൽ അതിനുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും വ്യക്തമാക്കാമോ; | (എ) | അനെർട്ട് സജ്ജമാക്കിയിട്ടുള്ള ഇലക്ട്രോണിക്സ് മാർക്കറ്റ് പ്ലേയ്സ് ആയ 'ബൈ മൈ സൺ' (www.buymysun.com) എന്ന ഇ-കോമേഴ്സ് വെബ്പോർട്ടൽ വഴി വീടിന്റെ പുരപ്പുറത്ത് സൗരോർജ്ജ പാനൽ സ്ഥാപിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുന്ന പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്ന ഉപഭോക്താക്കൾക്ക് സബ്സിഡി ലഭ്യമാണ്. എം.എൻ.ആർ.ഇ. നിശ്ചയിക്കുന്ന ബെഞ്ച്മാർക്ക് വിലയോ, മത്സരാധിഷ്ഠിത പ്രക്രിയ വഴി ലഭിക്കുന്ന വിലയോ ഇതിൽ ഏതാണോ കുറവ് അതിന്റെ 30% ആണ് സബ്സിഡിയായി നൽകുന്നത്. ഇത് വ്യക്തികൾക്കും ട്രസ്റ്റ് അല്ലെങ്കിൽ ചാരിറ്റബിൾ സൊസൈറ്റി ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾക്കുമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ആകെ 10 MW പദ്ധതികൾക്കാണ് നിലവിൽ കേന്ദ്രസർക്കാർ സബ്സിഡി ഉള്ളത്. ഈ ശേഷി പൂർത്തിയാവുന്ന മുറയ്ക്ക് കൂടുതൽ പദ്ധതികൾക്ക് സബ്സിഡി ലഭിക്കാൻ അപേക്ഷ നൽകിയിട്ടുണ്ട്.<br><br>'ബൈ മൈ സൺ' (www.buymysun.com) എന്ന ഇ-കോമേഴ്സ് വെബ്പോർട്ടലിൽ രജിസ്ട്രേഷൻ ചെയ്തു കഴിഞ്ഞാൽ സ്ഥലം സന്ദർശിച്ച് സാധ്യതാപരിശോധന നടത്തുന്നു. അതിനു ശേഷം ഉപഭോക്താവിന് വെബ്സൈറ്റിലെ ലിസ്റ്റിലുള്ള കമ്പനിക്ക ഓർഡർ നൽകാവുന്നതാണ്. എത്ര രൂപയാണ് ആകെ ചെലവ് അതിൽ എത്ര രൂപ സബ്സിഡി ലഭ്യമാകും, ബാക്കി എത്ര രൂപ അടയ്ക്കണം എന്നീ വിവരങ്ങൾ വെബ് സൈറ്റിൽ ലഭ്യമാണ്. |

| | | | |
|---|---|---|---|
| (ബി) | വൈദ്യുതി കമ്മി നേരിടുന്ന ഒരു സംസ്ഥാനം എന്ന നിലയ്ക്ക് വീടിന്റെ വലുപ്പം മാനദണ്ഡമാക്കി നിർബന്ധമായും സൗരോർജ്ജ പാനൽ സ്ഥാപിക്കണം എന്നുള്ള വ്യവസ്ഥ ഉണ്ടാക്കാൻ സാധിക്കുമോ? | (ബി) | ഇപ്പോൾ പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**